## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2807 — 18/06/2018-ൽ മറുപടിയ്ക്ക്

### പ്രീ-പ്രൈമറി അദ്ധ്യാപകരുടേയും ആയമാരുടേയും മാസവേതനം

| ചോദ്യം<br>ശ്രീ.അനൂപ് ജേക്കബ് | ഉത്തരം<br>പ്രൊഫ. സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പമന്ത്രി) |
|---|---|
| (എ) സർക്കാർ വിദ്യാലയങ്ങളിൽ പി.ടി.എ. യുടെ കീഴിൽ ആരംഭിച്ച പ്രീ -പ്രൈമറി ക്ലാസ്സുകളിൽ പഠിപ്പിക്കുന്ന പ്രീ-പ്രൈമറി കോഴ്സ് പാസ്സായ അദ്ധ്യാപകർക്കും ആയമാർക്കും യഥാക്രമം എത്ര രൂപയാണ് മാസവേതനം നല്കിവരുന്നതെന്നറിയിക്കുമോ; | (എ) അദ്ധ്യാപകർക്ക് 10000/- രൂപ (പതിനായിരം രൂപ മാത്രം)യും ആയമാർക്ക് 6500/- രൂപ (ആറായിരത്തി അഞ്ഞൂറ് രൂപ മാത്രം)യും വീതം ഓണറേറിയം അനുവദിച്ചു വരുന്നു. |
| (ബി) പ്രസ്തുത മാസവേതനം സംസ്ഥാനത്തെ എയ്ഡഡ് വിദ്യാലയങ്ങളിലെ അദ്ധ്യാപകർക്കും ആയമാർക്കും നല്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ കാരണമെന്തെന്ന് അറിയിക്കുമോ; | (ബി) ഇല്ല. എയ്ഡഡ് സ്കൂളുകളിൽ പ്രീപ്രൈമറി ആരംഭിക്കാൻ സർക്കാർ അനുമതി നൽകിയിട്ടില്ല. |
| (സി) HRMP 3616/2015 നമ്പർ പരാതിയിന്മേൽ പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയെ എതിർകക്ഷിയാക്കി 2016 ജൂൺ 27-ാം തീയതി സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ പാസ്സാക്കിയ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നറിയിക്കുമോ? | (സി) ഉണ്ട്. ഇതിൽ അന്തിമ തീരുമാനം ആയിട്ടില്ല. |

Reena

സെക്ഷൻ ഓഫീസർ